**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1373** **10-10-2024 - ൽ മറുപടിയ്ക്ക്**

**പുനലൂർ മണ്ഡലത്തിൽ സ്കൂൾ കെട്ടിടത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാഭ്യാസമന്ത്രിതല യോഗതീരുമാനപ്രകാരം പുനലൂർ മണ്ഡലത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ കിഫ്ബി ഫണ്ടിൽ നിന്നും കുളത്തുപ്പുഴ യു.പി.സ്കൂളിന് അനുവദിച്ച സ്കൂൾ കെട്ടിടം പുനലൂർ ഐക്കരക്കോണം സ്കൂളിലേക്ക് മാറ്റി ഭരണാനുമതി നൽകുന്നതിന് നടപടിസ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത തീരുമാനപ്രകാരമുള്ള തുടർനടപടികൾക്കായി ഫയൽ എന്നുമുതൽ ആരുടെ പരിഗണനയിലാണെന്നും ഫയലിന്റെ നിലവിലെ സ്ഥിതിയും എന്നത്തേക്ക് തീരുമാനമെടുക്കുമെന്നും അറിയിക്കുമോ; | (എ) | 1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കിലയെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയ ജി.യുപി.എസ് കുളത്തുപ്പുഴ സ്കൂളിന് കെട്ടിടം ആവശ്യമില്ലായെന്നും അതിന് പകരം അതേ നിയോജകമണ്ഡലത്തിലെ ഐക്കരക്കോണം സ്കൂളിനെ നിർമ്മാണത്തിന് പരിഗണിക്കണമെന്നും കാണിച്ച് സ്ഥലം എം.എൽ.എ സമർപ്പിച്ച അപേക്ഷ പരിശോധനക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. കിഫ്ബി ഫണ്ടിൽ നിന്നും ഭരണാനുമതി നൽകിയ കുറച്ചു സ്കൂളുകൾക്ക് സ്ഥലപരിമിതിയും മറ്റ് സാങ്കേതിക പ്രശ്നങ്ങളും കാരണം നിർമ്മാണം നടത്താൻ സാധിക്കാത്ത സാഹചര്യമുണ്ട്. ഇക്കാര്യം സംബന്ധിച്ച് പൊതുതീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. ആയത് പരിശോധിച്ചുവരുന്നു. |
| (ബി) | പുനലൂർ മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ആര്യങ്കാവ് ഗവ. എൽ.പി. സ്കൂളിന് അനുവദിച്ച സ്കൂൾ കെട്ടിടം ഇടമുളക്കൽ ഗവൺമെന്റ് എൽ.പി. സ്കൂളിലേക്ക് മാറ്റി നൽകുന്നതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; പ്രസ്തുത തീരുമാനപ്രകാരമുള്ള നടപടികൾക്കായി ഫയൽ എന്നുമുതൽ ആരുടെ പരിഗണനയിലാണെന്നും ഫയലിന്റെ നിലവിലെ സ്ഥിതിയും എന്നത്തേക്ക് തീരുമാനമെടുക്കുമെന്നും അറിയിക്കുമോ; | (ബി) | വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ആര്യങ്കാവ് ഗവ. എൽ.പി സ്കൂളിന് അനുവദിച്ച സ്കൂൾ കെട്ടിടം , ഇടമുളക്കൽ ഗവൺമെന്റ് എൽ.പി. സ്കൂളിന് മാറ്റി നൽകുന്നതിലേക്കായി ഇടമുളക്കൽ ഗവൺമെന്റ് എൽ.പി സ്കൂളിൽ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് മുഖേന തയ്യാറാക്കുന്നതിനുള്ള നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചു വരികയാണ്. |
| (സി) | വിവിധ ഫണ്ടുകളിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് പരിഗണിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിലവിലുള്ള കമ്മിറ്റിയുടെ വിവരങ്ങൾ നൽകാമോ; കമ്മിറ്റി മേൽ വിഷയങ്ങൾ പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ തീരുമാനം വിശദമാക്കാമോ; പരിഗണിച്ചിട്ടില്ലെങ്കിൽ ആയതു | (സി) | പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഇത്തരത്തിൽ കമ്മിറ്റികളൊന്നും നിലവിലില്ല. |

| | | | |
|---|---|---|---|
| | എന്നത്തേക്ക് പരിഗണിയ്ക്കാനാകുമെന്ന് വിശദമാക്കാമോ; | | |
| (ഡി) | മേൽ വിഷയങ്ങൾ പരിഗണിച്ചിട്ടുള്ള വിദ്യാഭ്യാസമന്ത്രിതല അവലോകന യോഗത്തിന്റെ മിനുട്ട്സ് ലഭ്യമാക്കാമോ? | (ഡി) | മന്ത്രിതല അവലോകന യോഗത്തിന്റെ മിനുട്ട്സ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

150 YEARS OF CELEBRATING THE MAHATMA

**പുനലൂർ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് 12/09/2023 ൽ ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നിയമസഭ കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിന്റെ മിനിട്ട്സ്.**

ഗവൺമെൻറ് ടി.സി.എൻ.എം.എച്ച്.എസ്.എസ്. നെടുമ്പാറ സ്കൂളിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നത്

വിഷയം ബഹു. എം.എൽ.എ. അവതരിപ്പിക്കുകയും ഹോസ്റ്റൽ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത അറിയിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും നിലവിൽ ഹോസ്റ്റൽ കെട്ടിട നിർമ്മാണം നടത്തുന്നില്ല എന്ന വിവരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു. ടി വിഷയത്തിൽ ഹോസ്റ്റൽ നിർമ്മാണത്തിനായി എസ്.എസ്.കെ. ഫണ്ട്/മറ്റ് ഫണ്ടുകൾ ലഭ്യമാകുമോ എന്ന് പരിശോധിക്കാമെന്നും പ്ലാൻ ഫണ്ടിൽ ഹോസ്റ്റൽ നിർമ്മാണത്തിന് തുക അനുവദിക്കാൻ സാധിക്കുന്നതാണോ എന്നും, പുതിയ പ്ലാൻ റൈറ്റ് അപ്പിൽ പ്ലാൻ ഫണ്ട് പദ്ധതിയിൽ ഹോസ്റ്റൽ കെട്ടിട നിർമ്മാണം ഉൾപ്പെടുത്തുന്നത് പരിഗണിക്കാമെന്നും ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി അറിയിച്ചു. കൂടാതെ പ്രസ്തുത സ്കൂളിന് ഹയർ സെക്കന്ററി അപ്രൂവൽ കിട്ടിയിട്ടില്ലാ എന്നത് ബഹു. എം.എൽ.എ. ഉന്നയിക്കുകയും ആയത് പരിശോധിക്കാമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിക്കുകയും ചെയ്തു.

ഗവൺമെൻറ് വി.എച്ച്.എസ്.എസ്. അച്ചൻകോവിൽ, ഗവൺമെൻറ് ടി.സി.എൻ.എം. എച്ച്എസ്.എസ്. നെടുമ്പാറ എന്നീ സ്കൂളുകൾ പശ്ചിമഘട്ട താഴ്ചരയിലെ സ്കൂളുകളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നത്

പരിശോധിക്കാമെന്ന് ബഹു. പൊതുവിദ്യാഭ്യാസ വകപ്പ് മന്ത്രി അറിയിച്ചു.

ഗവൺമെൻറ് എച്ച്.എസ്. കൂവക്കാട്, ഗവൺമെൻറ് എൽ.പി.എസ്. കേളൻകാവ് എന്നീ തമിഴ് മീഡിയം സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം അനുവദിക്കുന്നതിനുള്ള നടപടി

പ്രസ്തുത സ്കൂളുകളിൽ കുട്ടികൾ കുറവാണ് എന്ന് പൊതുവിദ്യാഭ്യസ ഡയറക്ടർ അറിയിച്ചു. എന്നാൽ ഇംഗ്ലീഷ് മീഡിയം തുടങ്ങുകയാണെങ്കിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുമെന്നും, ഇംഗ്ലീഷ് മീഡിയം തുടങ്ങിയില്ലാ എങ്കിൽ കുട്ടികളുടെ എണ്ണം കുറയുന്നതോടൊപ്പം സ്കൂൾ അടച്ച് പൂട്ടേണ്ടി വരുമെന്നും ബഹു. എം.എൽ.എ. അറിയിച്ചു. പ്രസ്തുത വിഷയം പരിഗണിക്കുന്നതിലേക്കായി സ്കൂൾ പി.ടി.എ. കളിൽ നിന്നും അപേക്ഷകൾ സർക്കാരിലേക്ക് സമർപ്പിക്കാൻ ബഹു. പൊതുവിദ്യാഭ്യാസ വകപ്പ് മന്ത്രി നിർദ്ദേശിച്ചു

ഗവൺമെൻറ് എച്ച്.എസ്. കൂവക്കാട്, ഗവൺമെൻറ് ടി.സി.എൻ.എം.എച്ച്.എസ്.എസ്.

നെടുമ്പാറ എന്നീ സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച്

എസ്.പി.സി. യൂണിറ്റ് ആരംഭിക്കുന്നതിന്റെ ഭാഗമായി സർക്കാരിൽ നിന്നും നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുമെന്ന് എസ്.പി.സി. പ്രതിനിധി യോഗത്തിൽ അറിയിക്കുകയുണ്ടായി. സ്കൂൾ അധികൃതർ എസ്.പി.സി.ക്കായുള്ള അപേക്ഷ സമർപ്പിക്കുന്നതിനും, അപേക്ഷ നൽകിയ ശേഷം ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിലേക്ക് ആയത് ശുപാർശ ചെയ്ത് പരിഗണിക്കുന്നതിലേക്കുള്ള നടപടി

സ്വീകരിക്കുന്നതാണെന്നും ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി അറിയിക്കുകയുണ്ടായി.

<u>കുളത്തുപ്പുഴ ജി.യു.പി. സ്കൂളിന് കിഫ്ബി ഫണ്ടിൽ നിന്നും അനുവദിച്ച തുക ഐക്കരക്കോണം ജി.എൽ.പി. സ്കൂളിന് മാറ്റി നൽകുന്നത്</u>

കുളത്തുപ്പുഴ ജി.യു.പി. സ്കൂളിന് കിഫ്ബിയിൽ നിന്നും ലഭിച്ച തുക ഐക്കരക്കോണം ജി.എൽ.പി.എസിന് മാറ്റി നൽകണമെന്നതോടൊപ്പം ആര്യങ്കാവ് ജി.എൽ.പി.എസിന് അനുവദിച്ചിട്ടുള്ള തുക മറ്റൊരു സ്കൂളിന് മാറ്റി അനുവദിക്കണമെന്നും ബഹു. എം.എൽ.എ. ആവശ്യപ്പെട്ടു.

കിഫ്ബി ഫണ്ട് അനുവദിക്കുന്നത് സ്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണമടക്കമുള്ള വിഷയങ്ങൾ മാനദണ്ഡമാക്കിയാണെന്നും പ്രസ്തുത സ്കൂളിന്റെ തുക ഐക്കരക്കോണം ജി.എൽ.പി.എസിന് മാറ്റി നൽകുന്നത് കിഫ്ബിയുടെ അനുമതിയോടുകൂടിയേ സാധ്യമാകുകയുള്ള എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിക്കുകയുണ്ടായി. തുക അനുവദിച്ച് കിട്ടിയ രണ്ട് സ്കൂളുകളിലും കെട്ടിട നിർമ്മാണം സാധിക്കാത്ത സാഹചര്യമാണുള്ളതെന്നും പ്രസ്തുത തുക മാറ്റി നൽകണമെന്നും ബഹു. എം.എൽ.എ. ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവ മാറ്റുന്നതിനുള്ള ശുപാർശ സമർപ്പിക്കുവാൻ ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി അറിയിക്കുകയുണ്ടായി

പ്രസ്തുത യോഗം 12.56 ന് അവസാനിച്ചു.

• • • • •